**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2734** **10-03-2025 - ൽ മറുപടിയ്ക്ക്**

**ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ആദിവാസി കുടുംബങ്ങൾക്ക് കുറഞ്ഞത് ഒരേക്കർ ഭൂമി നൽകും എന്ന വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എത്ര പേർക്ക് ഭൂമി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | **ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 368 പേർക്ക് 66.52 ഏക്കർ ഭൂമിയും, നിക്ഷിപ്ത വനഭൂമി വിതരണ പദ്ധതി പ്രകാരം 4217 പേർക്ക് 5263.83 ഏക്കർ ഭൂമിയും, വനാവകാശ നിയമ പ്രകാരം 29199 പേർക്ക് 39001.03 ഏക്കർ ഭൂമിയും, റവന്യൂ/ഫാം/ പ്രോജക്ട് ഭൂമി വിതരണ പദ്ധതി പ്രകാരം 6760 പേർക്ക് 7012.29 ഏക്കർ ഭൂമിയും, പ്രളയ പുനരധിവാസ പദ്ധതി പ്രകാരം 171 പേർക്ക് 20.47 ഏക്കർ ഭൂമിയും ആശിക്കും ഭൂമി ആദിവാസിക്ക് പദ്ധതി പ്രകാരം 816 പേർക്ക് 386.04 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ആകെ 41531 പേർക്ക് 51750.18 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.** |
| (ബി) | ഭൂമി നൽകാൻ സാധിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; പദ്ധതി നടപ്പിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | **സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി നൽകുമെന്ന തീരുമാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. എല്ലാവർക്കും ഒരേക്കർ വീതം ഭൂമി നൽകുവാനുള്ള റവന്യൂ ഭൂമിയുടെ കുറവാണ് പ്രധാന കാരണം. എന്നിരുന്നാലും ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി പരമാവധി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വനാവകാശ നിയമപ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശരേഖയും നൽകുന്നു.** |

സെക്ഷൻ ഓഫീസർ